*Celebrating Extraordinary Missionary Month October 2019…*

# Friday, 4 ഒക്ടോബർ 2019

Mt 11:25-30 വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുന്നാൾ (1182-1226)

Fr. Winson Moyalan CMI

അസാധാരണ മിഷൻ മാസത്തിലെ നാലാം ദിവസമായ ഇന്ന് ദരിദ്ര്യത്തിന്റെ പ്രതിരൂപമായ വി. ഫ്രാൻസിസ് അസ്സീസിയുടെ വ്യതിരിക്തമായ പ്രേഷിതചൈതന്യത്തെക്കുറിച്ച് നമുക്ക് ധ്യാനിക്കാം.
"ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്ന് പഠിക്കുകയും ചെയ്യുവിൻ... എന്തെന്നാൽ എന്റെ നുകം വഹിക്കാനെളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ്. " ( 29-30)
ലോകം നല്കുന്ന സുരക്ഷിതത്വവും, സന്തോഷവും പലപ്പോഴും ഭാരമേറിയ ചുമടായി മാറും. എന്നാൽ ദൈവത്തിൽ  ആശ്രയം വയ്ക്കുന്നവന് ഏത് വലിയ ചുമടും ലഘുവായി തോന്നും. ഈ സത്യം ജീവിതത്തിൽ പ്രവർത്തികമാക്കിയവനാണ്  വി. ഫ്രാൻസിസ് അസീസ്സി.
വലിയ ഒരു ധനാഢ്യ കുടുംബത്തിലെ അംഗം. ഭക്തയായ അമ്മ പ്രഭി പിക്കാ മകൻ സ്നാപക യോഹന്നാനെപ്പോലെ എളിമയുള്ളവനാകണമെന്ന് ആഗ്രഹിച്ചു; അതിനായി എന്നും അവൾ പ്രാർത്ഥിച്ചു. അമ്മ അവന് ജോൺ എന്ന മാമ്മോദീസ പേര് നല്കി. പിതാവ് വ്യാപാരം കഴിഞ്ഞ് തിരിച്ചു വന്നപ്പോൾ അമ്മയെ അവഗണിച്ച് കുഞ്ഞിന് ഫ്രാൻസീസ് എന്ന വിളിപേര് നല്കി.
പക്ഷെ, അമ്മയുടെ ആഗ്രഹം പോലെ യേശുവിന്റെ മുൻഗാമിയായ യോഹന്നാനെയുംക്കാൾ അനന്യമായ പ്രേഷിത ചൈതന്യം കൊണ്ട് നിറഞ്ഞവനായി ഫ്രാൻസിസ്. താപസപ്രവാചകനായിരുന്നു യോഹന്നാനെങ്കിൽ, ദാരിദ്ര്യത്തിന്റെ ഉപാസകനായിരുന്നു ഫ്രാൻസിസ്. യോഹന്നാൻ യേശുവിന് വഴിയൊരുക്കുന്നവനായിരുന്നെങ്കിൽ പ്രാൻസിസ് യേശുവിനെ തന്നെ സ്വന്തം ജീവിതത്തിലൂടെ പകർത്തി കാട്ടി, രണ്ടാം ക്രിസ്തുവെന്ന അപരനാമത്തിൽ  അറിയപ്പെടുന്നവനായി.
എല്ലാ ലൗകീക വിഷയങ്ങളിലും ആമഗ്നനായി വളർന്ന് വന്ന ഒരു ബാല്യവും, യുവത്വവും അവനുണ്ടായിരുന്നു.
ഒരിക്കൽ അവനെ സമൂലം മാറ്റിമറിച്ച ഒരു ദർശനം അവനുണ്ടായി:  "തന്റെ പള്ളി പുതുക്കി പണിയുക."   ആരുമറിയാതെ കുടുംബസ്വത്തുപയോഗിച്ചു അവൻ അവന്റെ ഇടവക പള്ളി പുനരുദ്ധരിച്ചു. അവന്റെ ഈ തീക്ഷ്ണതയിൽ കോപംപൂണ്ട പിതാവ് അവനെ കുടുംബത്തിൽ നിന്നും നിഷ്കാസിതനാക്കി.
എന്നാൽ പള്ളി എന്നത് ദേവാലയ സമുച്ചയത്തിനേക്കാൾ ഏറെ വലിയ ആന്തരാർത്ഥമുള്ളതാണെന്ന് പിന്നീട് ഫ്രാൻസിസ് മനസിലാക്കി.

'പള്ളി' എന്നാൽ യേശുവിന്റെ സ്നേഹം പ്രാവർത്തികമാക്കുന്ന വരുടെ കൂട്ടായ്മയാണെന്നും, അതിനാൽ സുഖഭോഗങ്ങളിലും, ആസക്തികളിലും രമിച്ചു കഴിയുന്ന സഭാഗാത്രത്തെ പുതുക്കി പണിയാനുള്ള ആഹ്വാനമാണ് തനിക്ക് ലഭിച്ചിരിക്കുന്നതെന്നും അവൻ ഗ്രഹിച്ചു. തന്റെ മകന് ഭ്രാന്ത് പിടിച്ചിരിക്കുന്നു എന്ന നിഗമനത്തിലായിരുന്നു പിതാവ്. ഉടുവസ്ത്രം പോലും ഉരിഞ്ഞെറിഞ്ഞ് മൂന്ന് വചനങ്ങൾ ജീവിതാമൃതമാക്കി അവൻ അന്നുതന്നെ വീട് വിട്ടിറങ്ങി.

1. "പരിപൂർണ്ണനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക."
2. "യാത്രക്ക് നിങ്ങൾ യാതൊന്നും കരുതരുത്,"
3. "എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ തന്റെ കുരിശുമെടുത്ത് എന്റെ പിന്നാലെ വരട്ടെ."

44ാം വയസിൽ 'സഹോദരി' യായ മരണത്തെ പുല്കുമ്പോൾ അദ്ദേഹം സ്ഥാപിച്ച ഫ്രാൻസിസ്ക്കൻ സമൂഹത്തിലേക്ക് പുരുഷന്മാരുടേയും സ്ത്രീകളുടേയും തള്ളിക്കയറ്റമായിരുന്നു; ലൗകീകായത്വത്തിലേക്ക് കൂപ്പുകുത്തിയ സഭയുടെ സമൂല പുനരുദ്ധാരണമായിരുന്നു അനന്തരഫലം. തകർന്നടിഞ്ഞ സഭയെ താങ്ങി നിർത്തുന്നതിന് ദൈവം അയച്ച രക്ഷകനായിരുന്നു വി. ഫ്രാൻസിസ്.
അദ്ദേഹത്തിന്റെ ഒരു പ്രാർത്ഥന:
"കർത്താവേ, പറുദീസ മോഹിച്ചാണ് ഞാൻ അങ്ങയെ സ്നേഹിക്കുന്നതെങ്കിൽ, മാലാഖയെ വിട്ട് അങ്ങ് അതിന്റെ വാതിലടയ്ക്കുക! നരകത്തെ പേടിച്ചാണ് ഞാനങ്ങയെ സ്നേഹിക്കുന്നതെങ്കിൽ എന്നെ ആ നിത്യാഗ്നിയിലേയ്ക്കെറിയുക! എന്നാൽ അങ്ങേക്ക് വേണ്ടി, അങ്ങേക്ക് വേണ്ടി മാത്രമാണ് ഞാൻ അങ്ങയെ സ്നേഹിക്കുന്നതെങ്കിൽ ഇരുകരങ്ങളും നീട്ടി എന്നെ അനുഗ്രഹിക്കേണമേ! "
മരണ കിടക്കയിൽ വച്ച് സഹോദര സമൂഹത്തെ വിളിച്ച് കൂട്ടി 142 - ണ്ടാം സങ്കീർത്തനം ചൊല്ലി ആത്മാവിനെ നിത്യകരങ്ങളിലേയ്ക്ക് സമർപ്പിച്ചു. അതേ, ജീവിച്ചിരിക്കുമ്പോൾ തന്റെ കുടുംബവും, താൻ രൂപം കൊടുത്ത സമൂഹവും അവനെ തിരസ്ക്കരിച്ചപ്പോൾ ദൈവത്തെ മാത്രം ആശ്രയമായി ജീവിക്കുന്നതെങ്ങിനെയെന്ന് വി. ഫ്രാൻസിസ് അസ്സീസി ലോകത്തെ പഠിപ്പിക്കുന്നു. കാലിതൊഴുത്തിൽ വന്നു പിറക്കുകയും, തലചായ്ക്കാൻ പോലും ഇടം ഇല്ലാത്തവനായിരിക്കുകയും ചെയ്ത യേശുവിന്റെ ജീവിത ശൈലിയും, പ്രഘോഷണ രീതിയും ഓരോ ക്രിസ്തു ശിഷ്യനും സ്വായത്തമാക്കുക എന്നതാണ് യേശു ആഗ്രഹിക്കുന്ന പ്രഘോഷണശൈലി.

*Published by*
CMI General Department of Evangelization and Pastoral Ministry